ഉത്തരം

(എ)—(ഇ) പി.എസ്.സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

കൊല്ലം ജില്ലയിലെ എൽ. ഡി. സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി

139 [1698] *ശ്രീ. ഉമേഷ് ചള്ളിയിൽ:*

,, *എ. എൻ. രാജൻബാബു:*

,, *കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. ക്ലാർക്കുമാരുടെ കൊല്ലം ജില്ലയിലെ റാങ്ക് ലിസ്റ്റ് മറ്റ് ജില്ല കളിലേതിനെക്കാൾ എത്രമാത്രം വൈകി എന്ന് വ്യക്തമാക്കാമോ;

(ബി) കൊല്ലം ജില്ലയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി മറ്റ് ലിസ്റ്റുകൾക്കൊപ്പം അവസാനിക്കുമോ എന്ന് അറിയിക്കുമോ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിഗണന യിലുണ്ടോ;

(ഡി) ഉദ്യോഗാർത്ഥികളുടേതല്ലാത്ത കാരണം കൊണ്ടുണ്ടായ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)—(ഡി) പി.എസ്.സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

വയനാട് ജില്ലയിലെ വില്ലേജ്മാൻ റാങ്ക് ലിസ്റ്റ് കാലാവധി നീട്ടാൻ നടപടി

140 [1699] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വില്ലേജുമാൻ തസ്തികയിലേക്ക് ഇപ്പോൾ നിയമിക്കപ്പെടാൻ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) 18-6-2002-ൽ പ്രസ്തുത തസ്തികയ്ക്കായി നിലവിൽ വന്ന റാങ്കുലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഈ റാങ്ക് ലിസ്റ്റിൽ നിന്നല്ലാതെ കോഴിക്കോട് ജില്ലയിൽ വില്ലേജുമാൻ തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly